RR4/5448/2003

രജിസ്ട്രേഷൻ ഐ.ജി.യുടെ കാര്യാലയം,
വഞ്ചിയൂർ, തിരുവനന്തപുരം, തീയതി: 9.5.2007

ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, തിരുവനന്തപുരം

എല്ലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽമാർക്കും
എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ്-ആധാരങ്ങളിൽ ഫോട്ടോയും വിരലടയാളവും പതിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:-1) 4-5-2007 ലെ RR4/5448/2003 നമ്പർ നോട്ടിഫിക്കേഷൻ.

2) സർക്കാരിന്റെ 8-5-2007 ലെ 10030/E2/07 നി.വ, നമ്പർ കത്ത്.

സൂചന (1) പ്രകാരം നടപ്പിലാക്കിയിട്ടുള്ള രജിസ്ട്രേഷൻ ചട്ടം (കേരള) ഭേദഗതി നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിന്, സൂചന 2-ലെ സർക്കാർ നിർദ്ദേശപ്രകാരം താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു.

1. 2007 മേയ് 4-ന് മുൻപ് (ഫോട്ടോയും വിരൽപ്പതിപ്പും പതിക്കാതെ) എഴുതി ഒപ്പിട്ട പ്രമാണങ്ങളുടെ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

2. വിലയാധാരങ്ങൾക്ക് മാത്രമാണ് വില്ക്കുന്ന ആളുടേയും വാങ്ങുന്ന ആളുടേയും ഫോട്ടോയും വിരൽപതിപ്പും നിർബന്ധമാക്കിരിക്കുന്നത്.

3. ആധാരത്തിൽ മൈനർമാർ ഉൾപ്പെട്ടിരുന്നാൽ അവർക്ക് വേണ്ടി ഒപ്പിടുന്ന രക്ഷിതാവിന്റെ ഫോട്ടോയും വിരൽപതിപ്പുമാണ് പതിക്കേണ്ടത്. എന്നാൽ വിൽക്കുന്ന ആളുടേയും വാങ്ങുന്ന ആളുടേയും ഫോട്ടോയും വിരൽപതിപ്പും പതിക്കേണ്ടതിന് പകരമായി മുക്ത്യാർ ഏജന്റിന്റേതു മാത്രം അനുവദിച്ചാൽ നിയമത്തിന്റെ ലക്ഷ്യം പരാജയപ്പെടുമെന്നതിനാൽ അത് അനുവദിച്ച് കൂടാത്തതാണ്.

ജില്ലാ രജിസ്ട്രാർമാർ ഈ കത്തിന്റെ പകർപ്പ് സൂചന 1-ലെ നോട്ടിഫിക്കേഷൻ സഹിതം തങ്ങളുടെ അധികാരപരിധിയിലെ ബന്ധപ്പെട്ട എല്ലാ ഓഫീസ് മേധാവികൾക്കും ഉടൻ തന്നെ നല്കേണ്ടതും വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

താങ്കളുടെ വിശ്വസ്തൻ
(ഒപ്പ്)/-
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ

www.eaadharam.in